സംബന്ധിച്ച് ലേബർ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുന്നുണ്ട്.

(സി ആൻഡ് ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ to എച്ച്) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ലേബർ ഡിപ്പാർട്ടുമെൻറ്

* 23 [48] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

ലേബർ ഡിപ്പാർട്ടുമെൻറിൽ ഇന്നത്തെ ഗവൺമെൻറ് വന്നതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

ലേബർ ഡിപ്പാർട്ടുമെൻറിൽ ഒരു സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് പ്രത്യേകം രൂപീകരിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റിന്റെ പൊതുക്കടം

* 24 [54] ശ്രീ. ജെ. കമാലിയാസ് മൊറായിസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളാ സ്റ്റേറ്റിന് എത്ര കോടി രൂപയുടെ പൊതുക്കടം ഉണ്ട്;

(ബി) പൊതുക്കടമായി എടുത്തിട്ടുള്ള തുക ഏതെല്ലാം പ്രോജക്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്;

(സി) അങ്ങനെ നിക്ഷേപിച്ചിട്ടുള്ള പ്രോജക്റ്റിൽനിന്നും ആദായം കിട്ടുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കിട്ടിയ ആദായം എത്ര?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ).

(എ) കഴിഞ്ഞ സാമ്പത്തികവർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതുക്കടം 261.86 കോടി രൂപയായിരുന്നു.

(ബി) കടമെടുത്തിട്ടുള്ള തുകകൾ പ്രധാനമായും കൃഷി, മൃഗസംരക്ഷണം, ജലസേചനം, വിദ്യുച്ഛക്തി ഉൽപ്പാദനം, വ്യവസായവികസനം തുടങ്ങിയ പദ്ധതികൾക്കായിട്ടാണ് ചെലവാക്കി വരുന്നത്.

(സി ആൻഡ് ഡി) ഗവൺമെൻറ് നടപ്പാക്കുന്ന വികസനപദ്ധതികൾ എല്ലാം തന്നെ പൊതുനൻമയെ ലക്ഷ്യമാക്കിയുള്ളവയാണ്. വാണിജ്യാടിസ്ഥാനത്തിൽ അവയിൽനിന്നും എന്തുമാത്രം ആദായം ലഭിക്കുന്നു എന്നു കണക്കാക്കാറില്ല.

കശുഅണ്ടി വ്യവസായശാലകൾ

* 25 [59] ശ്രീ. പി. കെ. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി കശുഅണ്ടി വ്യവസായശാലകൾ പൂട്ടിയിട്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly